# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

വിഷയം - ആരോഗ്യം - ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ സീനിയർ എ.എ/എ.എ/അക്കൗണ്ട്സ് ആഫീസർ/ സീനിയർ സൂപ്രണ്ട്/ ലേ സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്ക് തുടങ്ങിയ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ 30/04/2017 വരെയുള്ള കാലയളവിലെ ഏകീകരിച്ച സീനിയോറിട്ടി പട്ടികയിൽ ശ്രീ.വേണുഗോപാൽ.എൻ.എ ഉൾപ്പെടുത്തികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

സൂചന -
1) ശ്രീ.വേണുഗോപാൽ.എൻ.എ ഹെഡ്ക്ലാർക്കിന്റെ അപേക്ഷ
2) ഉത്തരവ് നം.ഇ.എസ്2/67069/2008/ആ.വ.ഡ/ തീയതി.19/04/2016.
3) ഉത്തരവ് നം.ഇ.എസ്1/07/2016/ആ.വ.ഡ/തീ.20/04/2016.
4) ഈ ആഫീസിലെ 20/06/2017 - ലെ ഇതേ നം.ഉത്തരവ്.
5) 20/09/2017 - ലെ ഇതേ നം. നോട്ടീസ്.

## *ഉത്തരവ് നം.ഇ.എസ്2-28107/2017/ആ.വ.ഡ/തീയതി.06/10/2017.*

ആരോഗ്യവകുപ്പിലെ സീനിയർ എ.എ/എ.എ അക്കൗണ്ട്സ് ആഫീസർ/ സീനിയർ സൂപ്രണ്ട്/ ലേ സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തുടങ്ങിയ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ 30/04/2017 വരെയുള്ള കാലയളവിലെ ഏകീകരിച്ച മുൻഗണനാ പട്ടികയിൽ ശ്രീ.വേണുഗോപാൽ.എൻ.എ യുടെ സ്ഥാനം തെറ്റാണെന്നും ആയത് പുനഃക്രമീകരിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് സൂചന ഒന്ന് (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സൂചന രണ്ട് (2) ഉത്തരവ് പ്രകാരം 14/10/1993 മുതൽ 16/06/2000 വരെയുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിട്ടി പട്ടികയിൽ 377 എ നമ്പരായി ഉൾപ്പെടുത്തി ടിയാന്റെ സീനിയോറിട്ടി പുനഃക്രമീകരിച്ച് ഉൾപ്പെടുത്തിയിരുന്നു.

തുടർന്ന് ഹെഡ് ക്ലാർക്കായി പ്രമോഷൻ നൽകിയപ്പോൾ 377 എ നമ്പരായി ഉൾപ്പെട്ട ശ്രീ.റ്റി.എ.വേണുഗോപാലിനെ യഥാസമയം സ്ഥാനക്കയറ്റം നൽകുന്നതിന് വിട്ട് പോവുകയും പിന്നീട് സൂചന മൂന്ന് (3) പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിക്കുകയുമുണ്ടായി. സൂചന നാല് (4) പ്രകാരമുള്ള സീനിയോറിട്ടി പട്ടിക തയ്യാറാക്കിയപ്പോഴും ടിയാന് ജൂനിയറായ (ക്രമ.നം.378) ശ്രീ.ബി.കെ.അബ്ദുൾ റഹിമാന് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഇ.ഡി1/9/2015/ആ.വ.ഡ/തീയതി. 04/07/2015 ഉത്തരവ് പ്രകാരം പ്രമോഷൻ നൽകേണ്ടതായിരുന്നു എന്നത് കണക്കിലെടുക്കാതെ 30/04/2017 വരെയുള്ള ഏകീകരിച്ച പ്രിലിമിനറി സീനിയോറിട്ടി ലിസ്റ്റിൽ 334 - ാം നമ്പരായി ഉൾപ്പെടുത്തുകയും ആയത് അന്തിമമായി പ്രസിദ്ധീകരിച്ചപ്പോൾ 323 - നമ്പരായി ഉൾപ്പെടുത്തിയിട്ടുള്ളതായും കാണുന്നു.

ഏകീകരിച്ച സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ സ്ഥാനം തെറ്റാണെന്നും ആയത് പരിഗണിച്ച് 292 നും 293 നും ഇടയിൽ സ്ഥാനം നൽകി ഉത്തരവാകണമെന്നും ശ്രീ.എൻ.എ.വേണുഗോപാൽ ആവശ്യപ്പെട്ടിരിക്കുന്നു.

377 എ നമ്പരായി സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിരുന്ന ടിയാനെ 04/07/2015 - ലെ തീയതിവെച്ച് സ്ഥാനക്കയറ്റം നൽകേണ്ടതായിരുന്നു. എങ്കിൽ ഏകീകൃത സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ സ്ഥാനം 292 നും 293 നും ഇടയിൽ വരികയും ചെയ്യുമായിരുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ.എൻ.എ.വേണുഗോപാലിന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യം ന്യായമാണ്. വിശദമായ പരിശോധനയിൽ ടിയാളുടെ സീനിയോറിറ്റി (ക്രമ.നം.292) എം.പ്രകാശനും ഷാഹിദ.പി.എം നും (ക്ര.നം.293) ഇടയിൽ 292 എ നമ്പർ നൽകി ഉൾപ്പെടുത്തുവാനും നിലവിലെ 323 -ാം നമ്പരായി ചേർത്തിട്ടുള്ള ടിയാന്റെ പേര് ഒഴിവാക്കുവാനും താത്കാലികമായി തീരുമാനിക്കുകയും അപ്രകാരം ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകുകയുമുണ്ടായി. എന്നാൽ മേൽ താത്കാലിക തീരുമാനത്തിനെതിരെ ആരുംതന്നെ അപ്പീൽ സമർപ്പിക്കുകയുണ്ടായില്ല. മേൽ സാഹചര്യത്തിൽ താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| റാങ്ക് നം | പേര് | പെൻ നം. | സ്ഥാനം | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | ഡിപ്പാർട്ട്മെന്റൽ യോഗ്യത | പ്രമോഷൻ ഓർഡർ നം. |
|---|---|---|---|---|---|---|---|
| 292 | എം.പ്രകാശൻ | 366492 | ഹെഡ് ക്ലാർക്ക് | 01/09/1961 | 29/08/1989 | S.S.L.C, MOP , ATL | ED1-09/2015/DHS/ dtd.04/07/2015 |
| 292 A | എൻ.എ. വേണുഗോപാൽ | 332010 | ഹെഡ് ക്ലാർക്ക് | 26/05/1963 | 28/08/1989 | BA, MOP, ATL | ED1-07/2016/DHS/ dtd.24/04/2016 |
| 293 | ഷാഹിദ.പി.എം | 313113 | ഹെഡ് ക്ലാർക്ക് | 27/05/1965 | 08/09/1989 | B.A, MOP, ATL | ED1-07/2015/DHS/ dtd.24/08/2015 |

സൂചന നാല് (4) പ്രകാരമുള്ള സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പരിഷ്ക്കരിച്ചിരിക്കുന്നു.

ഒപ്പ്
ശ്രീ.സി.എം.അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2) ശ്രീ.എൻ.എ.വേണുഗോപാൽ
3) ഇ.ഡി 3 സെക്ഷൻ
4) വെബ്സൈറ്റ്/ഫയൽ/കരുതൽ ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്